# File No.ANERT-ADM/168/2018-OA2(HRM)

File No ANERT-ADM-1/2017-OA2(HRM)

No : ANERT-ADM/1/2017-OA2(HRM) **19/09/2018**

## ഉപയോഗിച്ച സീലിംഗ് ഫാനുകൾ ലേലം ചെയ്യുന്നത് സംബന്ധിച്ച അറിയിപ്പ്

അനെർട്ടിൽ ഉപയോഗിച്ച 46 സീലിംഗ് ഫാനുകൾ 03 -10-18 ന് 11.30 A M മണിക്ക്, അനെർട്ട്, ഹെഡ്ക്വാർട്ടേഴ്സിൽ വച്ച് പരസ്യമായി ലേലം/ടെണ്ടർ ചെയ്തു വിൽക്കുന്നു.

ക്വട്ടേഷൻ ലഭിക്കേണ്ട അവസാന തീയതി /

സമയം : 03-10-2018-ന് 11.00 A M മണി

ക്വട്ടേഷൻ തുറക്കുന്ന സമയം : 03-10-2018 -ന് 11.30 AM മണി

### പൊതു നിബന്ധനകൾ

1. ഉപയോഗിച്ച 46 സീലിംഗ് ഫാനുകൾ 01-10-2018 –ആം തീയതി വൈകുന്നേരം 4.00 മണി വരെ പരിശോധിക്കാവുന്നതാണ് .

2. 03-10-2018 ആം തീയതി 11.30 മണിക്ക് ക്വട്ടേഷൻ തുറക്കുന്നതിനു മുൻപായി പരസ്യമായ ലേലം നടത്തുന്നതും അതിനുശേഷം ക്വട്ടേഷൻ തുറക്കുന്നതുമാണ്.

3. ടെണ്ടർ/ലേലത്തിൽ പങ്കെടുക്കുന്നവർ 1000/-(ആയിരം രൂപ) പണമായി നിരത ദ്രവ്യമടച്ച് രസീത് ഒപ്പം നൽകേണ്ടതാണ്. ഇതിന് പലിശ ലഭിക്കുന്നതല്ല. ലേലം കൊള്ളുന്നവരുടെ നിരതദ്രവ്യം (ആദ്യത്തെ 3 ഉയർന്ന തുക ഒഴികെ) കഴിയുന്നത്ര വേഗത്തിൽ തിരിച്ചുനൽകുന്നതാണ് .

4. ഏറ്റവും ഉയർന്ന നിരക്കിൽ ടെണ്ടർ/ലേലം കൊള്ളുന്നവർ നിരതദ്രവ്യം കൂടാതെ ലേല തുക തത്സമയം അടച്ച് രസീത് വങ്ങേണ്ടതാണ്. ഇങ്ങനെ ചെയ്യാത്ത പക്ഷം രണ്ടാമതായി ഏറ്റവും ഉയർന്ന സംഖ്യ ടെണ്ടർ/ലേലം ചെയ്യുന്ന ആൾക്ക് ലേലം സ്ഥിരപ്പെടുത്താൻ അനെർട്ടിനെ അധികാരമുണ്ടായിരിക്കുന്നതാണ്.

5. ടെണ്ടർ/ ക്വട്ടേഷൻ സംഖ്യ (GST ഉൾപ്പെടെ) അക്കത്തിലും അക്ഷരത്തിലും കാണിച്ച പങ്കെടുക്കുന്ന ആളുടെ പേരും മുഴുവൻ മേൽവിലാസവും പിൻകോഡും സഹിതം നിർദ്ദിഷ്ട ഫാറത്തിൽപൂർണ്ണ ഒപ്പിട്ട സമർപ്പിക്കേണ്ടതാണ്.

6. ക്വട്ടേഷൻ /ടെണ്ടർറിൽ ഏതെങ്കിലും തിരുത്തലുകൾ വരുത്തിയാൽ യഥാർത്ഥ ലേലക്കാരന്റെ പൂർണ്ണ ഒപ്പിട്ട സാക്ഷ്യപെടുത്തേണ്ടതാണ്.

7. നിരത ദ്രവ്യമടച്ച രസീത് ഇല്ലാതെയും ടെലഗ്രാം, ഫാക്സ്, ഇ-മെയിൽ എന്നിവ വഴിയും ലഭിക്കുന്ന ടെണ്ടർ / ക്വട്ടേഷൻ പരിഗണിക്കുന്നതല്ല. ആദ്യം ലേലം നടത്തുന്നതും തുടർന്നു ക്വട്ടേഷൻ/ടെണ്ടർ പരിശോധിച്ച കൂടുതൽ തുക ഓഫർ ചെയ്യപ്പെടുന്ന സംഖ്യ സ്വീകരിക്കപ്പെടുന്നതുമാണ്.

8. ലേലം ഉറപ്പിച്ച തീയതി മുതൽ 3 ദിവസത്തിനകം ഫാനുകൾ ഓഫീസ് പരിസരത്തിനുള്ളിൽ നിന്നും

നീക്കം ചെയ്യേണ്ടതാണ്.

9. ഈ ടെണ്ടർ/ലേല നോട്ടീസുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ അന്തിമ തീരുമാനമെടുക്കുവനുള്ള പൂർണ്ണ അധികാരം നിയമപരമായി അനെർട്ട് ഡയറക്ടറിൽ നിക്ഷിപ്തമായിരിക്കുന്നതാണ്. ഈ ടെണ്ടർ/ലേലം യാതൊരു കാരണമോ, മുന്നറിയിപ്പോ കൂടാതെ നിർത്തി വയ്ക്കുവാനോ, റദ്ദാക്കാനോ ഉള്ള അധികാരം അനെർട്ട് ഡയറക്ടറിൽ നിക്ഷിപ്തമായിരിക്കുന്നതും ഈ ലേലവുമായി ബന്ധപ്പെട്ട ഏതെങ്കിലും തർക്കമോ വ്യവഹാരമോ വരികയാണെങ്കിൽ അത് തിരുവനന്തപുരത്തുള്ള കോടതികളിൽ മാത്രം കൈകാര്യം ചെയ്യപ്പെടുന്നതുമാണ്.

GENERAL MANAGER

6

അനെർട്ട് ഹെഡ്ക്വാർട്ടേഴ്സ്, വികാസ് ഭവൻ, ലോ കോളേജ് റോഡ്,

തിരുവനന്തപുരം

1. സീലിംഗ് ഫാൻ ലേലം അപേക്ഷ ഫോറം
   ദർഘാസ് സമർപ്പിക്കുന്ന വ്യക്തിയുടെ പേരും
   പൂർണമായ മേൽവിലാസവും (പേര്, അച്ഛൻറെ /
   അമ്മയുടെ പേര്, വീട്, വീട്ടു നമ്പർ, സ്ഥലം, ദേശം,
   വില്ലേജ്, താലൂക്ക്, ജില്ല മുതലായവ.

2. ദർഘാസ് നമ്പറും, തീയതിയും (പരസ്യത്തിന്റെ )

3. സീലിംഗ് ഫാനുകൾ ഇപ്പോൾ കിടക്കുന്ന സ്ഥലത്തും അവസ്ഥയിലും (G S T ഉൾപ്പെടെ .................................................. രൂപ ) അനെർട്ടിലേക്കു നൽകി ഞാൻ ഏറ്റെടുത്തു കൊള്ളാം.

4. ദർഘാസ് പരസ്യത്തിന്റെ നിബന്ധനകൾ ഞാൻ വായിച്ചു മനസ്സിലാക്കി സ്വീകരിക്കുന്നു.

5. എന്റെ ഈ ദർഘാസ് സമർപ്പണം മൂലം അനെർട്ടിന് ഉണ്ടാകുന്ന എല്ലാ കഷ്ടനഷ്ടങ്ങൾക്കും ഞാൻ ഉത്തരവാദിയായിരുക്കുന്നതും അപ്രകാരം ഞാൻ മൂലം ഉണ്ടാകുന്ന നഷ്ട്ട പ്രതിഫലം എന്നിൽ നിന്നോ എന്റെ സ്ഥാവരജംഗമ വസ്തുക്കളിൽ നിന്നോ ഈടാക്കാവുന്നതാണെന്ന് സമ്മതിച്ചു താഴെ കയ്യൊപ്പ് രേഖപ്പെടുത്തുന്നു. ലേലത്തിനുള്ള സാധനങ്ങൾ കണ്ടു ബോധ്യപ്പെട്ടു സമ്മതിച്ചിരിക്കുന്നു.

സ്ഥലം: ഒപ്പ്:

തീയതി : പേര് :

ഫോൺ നമ്പർ :

NB : 1. ആധാർ/ ഇലക്ഷൻ ഐ ഡി കാർഡിന്റെ കോപ്പി ഉള്ളടക്കം ചെയ്യേണ്ടതാണ്.

2. ടെൻഡർ സമർപ്പിക്കുന്നവർ നിരതദ്രവ്യം അടച്ച രസീത് ഉള്ളടക്കം ചെയ്യേണ്ടതാണ്.